Malayala Manorama
മലയാള മനോരമ



ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സിലെ എൻവിസ് കേന്ദ്രത്തിൽ രാജ്യാന്തര ഓസോൺ ദിനത്തോടനുബന്ധിച്ചു പോസ്റ്റർ പുറത്തിറക്കിയപ്പോൾ.

# ഓസോൺ ദിനം ആചരിച്ചു

കോയമ്പത്തൂർ • ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സിലെ എൻവിസ് കേന്ദ്രത്തിൽ രാജ്യാന്തര ഓസോൺ ദിനം ആചരിച്ചു. കേന്ദ്രം ഡയറക്ടർ ഡോ.സി.കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു. ഓസോൺ പാളിക്കു നാശമുണ്ടാക്കുന്ന ജീവിതരീതികൾ മാറ്റണമെന്നും പാളിയുടെ സംരക്ഷണം നമ്മൾ ഓരോരുത്തരും ഏറ്റെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഓസോൺ പാളിയുടെ സംരക്ഷണത്തിനായുള്ള മോൺട്രിയൽ പ്രോട്ടോകോൾ ഓസോൺ പരിരക്ഷയ്ക്കു പുറമേ കാലാവസ്ഥാ വ്യതിയാനത്തിനു കാരണമാകുന്ന ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാൻ കൂടി സഹായകമാകും. ലോകരാജ്യങ്ങൾ മോൺട്രിയൽ പ്രോട്ടോകോൾ അനുസരിച്ചു പ്രവർത്തിക്കുന്നതിനാൽ 2066 ആകുമ്പോഴേക്കും ഓസോൺ പാളി പൂർവസ്ഥിതിയിലാകുമെന്നു പഠനങ്ങൾ വെളിപ്പെടുത്തുന്നതായി വന ജനിതക ശാസ്ത്രജ്ഞനും എൻവിസ് കോഓർഡിനേറ്ററുമായ ഡോ. കണ്ണൻ വാര്യർ പറഞ്ഞു. വിദ്യാർഥികൾക്കായി ഓസോൺ സംരക്ഷണ ബോധവൽക്കരണ പോസ്റ്റർ രചന, പൊതുജങ്ങൾക്കായി ഫൊട്ടോഗ്രഫി മത്സരം എന്നിവ സംഘടിപ്പിച്ചിരുന്നു. റിസർച്ച് കോഓർഡിനേറ്റർ ഡോ.ആർ.യശോദ, പ്രോഗ്രാം ഓഫിസർ ഡോ.വിഘ്നേശ്വരൻ, ഡോ.എം.എ.വിജയ എന്നിവർ പ്രസംഗിച്ചു. അവിനാശിലിംഗം സർവകലാശാലയിലെ വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു.

ഊട്ടി • ഊട്ടിയിൽ രാജ്യാന്തര ഓസോൺ ദിനം ആചരിച്ചു. ഫിംഗർ പോസ്റ്റിലെ സെന്റ് തെരേസാസ് സ്കൂളിൽ നടന്ന ചടങ്ങിൽ നാഷനൽ ഗ്രീൻ

കോർപ്സിന്റെ നീലഗിരി ജില്ലയിലെ ഓർഗനൈസറും മലയാളിയുമായ വി.ശിവദാസ് കുട്ടികൾക്ക് ഓസോണിനെക്കുറിച്ചു ബോധവൽക്കരണം നടത്തി. പരിസ്ഥിതി സംരക്ഷിക്കേണ്ടതിനെപ്പറ്റി കുട്ടികൾക്ക് അദ്ദേഹം ക്ലാസ്സെടുത്തു. സ്കൂൾ ഹെഡ്മാസ്റ്റർ ഫാ.കിങ്സ്റ്റൻ ആന്റണി, അധ്യാപകർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

50. News in Malayala Manorama, Palakkad, 17.09.2023, Ozone Day 2023 Celebration by ICFRE-IFGTB EIACP PC RP.